# മക്കളില്‍ ഉള്‍പ്രേരണ ഉണ്ടാക്കിയെടുക്കാന്‍

ഡോ. സമീര്‍ യൂനുസ്

**എന്റെയൊരു** സുഹൃത്തിനെ ഈയിടെ കണ്ടപ്പോള്‍ ഞാന്‍ ചോദിച്ചു: 'നിങ്ങളുടെ മകന്‍ ഈ വര്‍ഷം ഡിഗ്രി കഴിയുകയാണല്ലോ. പഠനമൊക്കെ ഉഷാറല്ലേ?'

സുഹൃത്ത് പറഞ്ഞു: 'ഒരുവിധം പഠിക്കുന്നുണ്ട്. പക്ഷേ, അവനാകെ നിരാശയിലാണ്.'

'പഠനകാര്യങ്ങളില്‍ മികവ് പുലര്‍ത്തുന്ന കുടുംബമാണല്ലോ നിങ്ങളുടേത്. അവിടെ ഒരു കുട്ടി നിരാശനാവുകയോ?'

ഡിഗ്രി ഈ വര്‍ഷം എടുത്തില്ലെങ്കില്‍ എന്താകും കുഴപ്പം, കഴിഞ്ഞ വര്‍ഷം ഡിഗ്രി എടുത്തവരുടെ കഥയെന്താ, തൊഴിലില്ലാതെ തെണ്ടുകയല്ലേ എന്നാണ് മകന്‍ ചോദിക്കുന്നതെന്ന് സുഹൃത്ത് വിശദീകരിച്ചു. പിതാവും മകനും തമ്മില്‍ നടന്ന സംഭാഷണമാണ് താഴെ:

മകന്‍: ഞാനെന്തിന് പഠിക്കണം?

പിതാവ്: ഒരു സര്‍ട്ടിഫിക്കറ്റ് നേടാന്‍

മകന്‍: സര്‍ട്ടിഫിക്കറ്റ് എന്തിന്?

പിതാവ്: ഒരു തൊഴില്‍ സമ്പാദിക്കാന്‍

മകന്‍: തൊഴില്‍ തേടുന്നതോ?

പിതാവ്: വീട് വേണ്ടേ? കുടുംബം പുലരര്‍ത്തേണ്ടേ?

മകന്‍: സര്‍ട്ടിഫിക്കറ്റുകള്‍ ലഭിച്ചവര്‍ക്കൊക്കെ തൊഴില്‍ കിട്ടുന്നില്ല. തെളിവ് നമുക്ക് ചുറ്റും എത്രയധികം വേണമെങ്കിലുമുണ്ട്. തൊഴില്‍ കിട്ടിയവര്‍ക്ക് തന്നെ കുടുംബം ഉണ്ടാക്കാനും കഴിഞ്ഞിട്ടില്ല. താങ്കള്‍ ക്ഷമിക്കണം. താങ്കള്‍ പറയുന്നതൊന്നും എനിക്ക് ബോധ്യമാവുന്നില്ല. ഞാന്‍ എത്രയൊക്കെ പഠിച്ചാലും അര്‍ഹതപ്പെട്ടത് തിരിച്ചു കിട്ടുമെന്ന് ഞാന്‍ കരുതുന്നില്ല. ഞാന്‍ നിരാശനാണ്....

തന്റെ മകനെ പറഞ്ഞ് ബോധ്യപ്പെടുത്താന്‍ രക്ഷിതാവായ ആ സുഹൃത്തിന് കഴിഞ്ഞില്ല. പല രക്ഷിതാക്കളും ഇങ്ങനെ പരാജയത്തിന്റെ കയ്പുനീര്‍ കുടിച്ചവരാണ്. അവര്‍ക്കായി ചില കാര്യങ്ങള്‍ കുറിക്കട്ടെ.

പഠനത്തിന്റെ ഉപാധിയായി വിദ്യാഭ്യാസ പണ്ഡിതന്മാരും മനശ്ശാസ്ത്രജ്ഞരും ഒരു കാര്യം പ്രത്യേകം ചൂണ്ടിക്കാട്ടുന്നുണ്ട്. പ്രേരണകള്‍ ആണ് ഈ ഉപാധി. ഒരു നിര്‍ണിത ലക്ഷ്യം നേടിയെടുക്കുന്നതിന് വ്യക്തിയെ കര്‍മനിരതനാക്കുന്ന ശക്തിവിശേഷം എന്ന് നമുക്ക് പ്രേരണയെ നിര്‍വചിക്കാം. പ്രേരണകള്‍ ഉണ്ടെങ്കിലേ പഠനത്തില്‍ മികവ് പുലര്‍ത്താനാവുകയുള്ളൂ.

രണ്ടുതരം പ്രേരണകളുണ്ട്. ഉള്‍പ്രേരണയും ബാഹ്യപ്രേരണയും. ഒരാളുടെ മനസ്സില്‍ തോന്നുന്ന താല്‍പര്യവും ആത്മവിശ്വാസവുമാണ് ഉള്‍പ്രേരണ. പ്രോത്സാഹനങ്ങളും വാഗ്ദാനങ്ങളും സമ്മാനങ്ങളും നല്‍കി ഉണ്ടാക്കിയെടുക്കുന്നതാണ് ബാഹ്യ പ്രേരണ.

ഇതില്‍ ഏത് പ്രേരണക്കാണ് പ്രാധാന്യം എന്നതില്‍ സംശയമൊന്നുമില്ല. ഉള്‍പ്രേരണ തന്നെ. നാം ഒരു മോട്ടാര്‍ വാഹനം സ്റ്റാര്‍ട്ട് ചെയ്ത് ഓടിക്കുന്നതു പോലെയാണ് ഉള്‍പ്രേരണ. വണ്ടി കേടായി നാം അതിനെ കൈകൊണ്ട് ഉന്തിക്കൊണ്ട് പോവുകയാണെങ്കില്‍ അതാണ് ബാഹ്യ പ്രേരണ. സ്റ്റാര്‍ട്ട് ചെയ്ത് ഓടിച്ചു പോകുന്നതും തള്ളിക്കൊണ്ട് പോകുന്നതും തമ്മില്‍ എത്ര വലിയ വ്യത്യാസമുണ്ട്!

മക്കളില്‍ ഉള്‍പ്രേരണ ഉണ്ടാക്കാനാണ് കാര്യമായി ശ്രദ്ധിക്കേണ്ടത്. എന്നാല്‍ ബഹ്യപ്രേരണ വേണ്ടെന്ന് വെക്കുകയും ചെയ്യരുത്. അതും ചിലപ്പോള്‍ ആവശ്യമായി വരും. വിദ്യാഭ്യാസപരമായി മികവ് നേടണമെന്ന അതിയായ ആഗ്രഹം വിദ്യാര്‍ഥികളില്‍ ഉണ്ടാക്കാന്‍ കഴിഞ്ഞാല്‍, കേടായ വണ്ടി തള്ളിനീക്കുന്നതു പോലുള്ള ദുര്‍ബലമായ പുറം പ്രേരണകള്‍ പിന്നെ ആവശ്യമായി വരില്ല. പുറം പ്രേരണകള്‍ നല്‍കുകയാണെങ്കില്‍തന്നെ, വിദ്യാര്‍ഥിയുടെ സ്വഭാവവും പ്രകൃതവുമൊക്കെ നോക്കി വേണം അത്



ചെയ്യാൻ. ഇന്ന ഗ്രേഡ് നേടിയാൽ ഇത്ര കാശു തരാം എന്ന് നാമവന് വാഗ്ദാനം നൽകിയാൽ, കിട്ടുന്ന കാശിൽ മാത്രമായി അവന്റെ ശ്രദ്ധ ചുരുങ്ങിപ്പോവാൻ സാധ്യതയുണ്ട്. മറ്റെന്തെങ്കിലും പഠിക്കാൻ പറഞ്ഞാലും അവൻ നമ്മോട് തിരിച്ചു ചോദിച്ചെന്നിരിക്കും: എന്ത് തരും?

അപ്പോൾ ഉൾപ്രേരണ എങ്ങനെ ഉണ്ടാക്കിയെടുക്കാം എന്നുതന്നെയാണ് നാം കാര്യമായി ആലോചിക്കേണ്ടത്. ആദ്യമായി, മകനുമായി/ മകളുമായി തുറന്ന് സംസാരിക്കാൻ പറ്റുന്നവിധത്തിൽ ഊഷ്മളമായ ഒരു ബന്ധം രക്ഷിതാവ് ഉണ്ടാക്കിയെടുക്കണം. എന്നിട്ട് അറിവ് നേടുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി കൊടുക്കണം. മനുഷ്യർക്കാകെയും സന്മാർഗദർശനമായ ഖുർആൻ അവതരിച്ചതുതന്നെ വായിക്കുക, പഠിക്കുക (ഇഖ്റഅ്) എന്ന ആഹ്വാനത്തോടെയാണ്. അറിവ് അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണെന്നും അവരെ ബോധ്യപ്പെടുത്തണം. അതിന് തെളിവാണ് നബിയെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈ ഖുർആൻ വാക്യം: 'താങ്കൾക്ക് അറിയാത്തത് അല്ലാഹു താങ്കളെ പഠിപ്പിച്ചിരിക്കുന്നു. താങ്കളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹം എത്ര മഹത്തരമാണ്' (4:113).

മികച്ച രീതിയിൽ അറിവ് നേടുക എന്നത് വലിയ പ്രതിഫലം നേടിത്തരുന്ന പുണ്യകർമമാണ്. 'നിങ്ങളിൽ വിശ്വാസികളായവർക്കും അറിവ് ലഭിച്ചവർക്കും അല്ലാഹു ഉയർന്ന പദവികൾ നൽകുന്നതാണ്' (58:11). അറിവ് നേടുന്നത് അല്ലാഹുവിന്റെ മാർഗത്തിലെ സമരമാണെന്ന് പ്രവാചകനും പഠിപ്പിക്കുകയുണ്ടായി: 'അറിവ് തേടിപ്പോകുന്നവൻ അല്ലാഹുവിന്റെ മാർഗത്തിലാണ്; അവൻ തിരിച്ചുവരുന്നതുവരെ' (തിർമിദി).

ചുരുക്കത്തിൽ, മക്കളോട് വിദ്യാഭ്യാസത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അതുകൊണ്ട് ലഭിക്കുന്ന താൽക്കാലിക ഭൗതിക നേട്ടങ്ങളല്ല ഊന്നിപ്പറയേണ്ടത്. ഭൗതിക നേട്ടങ്ങളുടെ മധുരം പെട്ടെന്ന് ഇല്ലാതാവും. വിശ്വാസവുമായി ബന്ധപ്പെട്ട ഇബാദത്തായ കർമം എന്ന നിലയിൽ വിദ്യാഭ്യാസത്തെ പരിചയപ്പെടുത്തണം. അറിവുള്ളവർക്ക് ഇസ്‌ലാമിലുള്ള സ്ഥാനമെന്തെന്ന് പറഞ്ഞുകൊടുക്കണം. 'അവർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്'. 'ആളുകൾ മരിക്കും; അറിവുള്ളവർ ജീവിച്ചുകൊണ്ടേയിരിക്കും.'

ഇബ്നുൽ ഖയ്യിം എന്ന പണ്ഡിതൻ അറിവിനെയും പണത്തെയും താരതമ്യം ചെയ്തുകൊണ്ട് പറഞ്ഞു:

-അറിവ് പ്രവാചകന്മാരുടെ അനന്തര സ്വത്താണ്. പണം രാജാക്കന്മാരുടെയും ധനികന്മാരുടെയും അനന്തര സ്വത്തും.

-അറിവ് അതിന്റെ ഉടമസ്ഥനെ സംരക്ഷിക്കും; പണത്തെ അതിന്റെ ഉടമസ്ഥൻ സംരക്ഷിക്കേണ്ടിവരും.

- കൊടുക്കുംതോറും ഏറിടും അറിവ്. പണം ചെലവഴിക്കുംതോറും കുറയും- ദാനധർമങ്ങൾ ഒഴികെ.

-അറിവ് അതിന്റെ ഉടമസ്ഥനെ ഖബ്റിലും പിന്തുടരും. പണം മരണത്തോടെ അവനെ വേർപിരിയും.

-പണം എല്ലാവർക്കും ലഭിക്കും. നല്ലവനോ കെട്ടവനോ, വിശ്വാസിയോ അവിശ്വാസിയോ എന്ന വ്യത്യാസമില്ലാതെ. എന്നാൽ പ്രയോജനപ്പെടുന്ന അറിവ് വിശ്വാസിക്ക് മാത്രമേ ലഭിക്കുകയുള്ളൂ.

-സൂര്യനുദിച്ച് നട്ടുച്ചയാവുമ്പോഴേക്ക് ധനികനായ ഒരാൾ പൊളിഞ്ഞ് പാപ്പരായെന്നു വരാം. ഇങ്ങനെയൊരു നാശം അറിവിന്റെ കാര്യത്തിൽ ഭയക്കേണ്ടതില്ല.

-പണം അതിന്റെ ഉടമസ്ഥന് അപകടകരമായി തീർന്നേക്കാം. പണം തട്ടിപ്പറിക്കാൻ എത്രയധികം ധനികരെയാണ് തട്ടിക്കൊണ്ടുപോയിട്ടുള്ളത്.

- ജ്ഞാന സൗഭാഗ്യം എന്നെന്നും നിലനിൽക്കും, ധനസൗഭാഗ്യം നീങ്ങിപ്പോവും.

- ധനം ഇഹലോകത്തേക്കുള്ള ക്ഷണമാണ്; അറിവ് പരലോകത്തേക്കുള്ള ക്ഷണവും.

ഒരു സംഭവകഥ കൂടി പറഞ്ഞ് ഈ കുറിപ്പ് അവസാനിപ്പിക്കാം.

ഇമാം അബൂഹനീഫയുടെ ഏറ്റവും പ്രശസ്തനായ ശിഷ്യനാണ് ഇമാം അബൂയൂസുഫ്. യതീമായിട്ടാണ് അബൂയൂസുഫ് വളർന്നത്. പിതാവ് ചെറുപ്പത്തിലേ മരിച്ചുപോയിരുന്നു. ദാരിദ്ര്യം കാരണം അബൂയൂസുഫിന്റെ മാതാവ് അദ്ദേഹത്തെ ഒരു തുണിയലക്കുകാരന്റെ അടുത്ത് വേലക്ക് പറഞ്ഞയച്ചിരുന്നു. അബൂയൂസുഫ് എന്നും വേലക്കെന്ന് പറഞ്ഞ് വീട്ടിൽനിന്നിറങ്ങും. എന്നിട്ട് നേരെ ഇമാം അബൂഹനീഫയുടെ അടുത്ത് ചെന്ന് ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ പഠിക്കും. വിജ്ഞാനത്തോടുള്ള ആർത്തി കണ്ട് ഇമാം അബൂഹനീഫ കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വിവരമറിഞ്ഞ മാതാവ് കലിതുള്ളിക്കൊണ്ട് അബൂഹനീഫയുടെ അടുത്ത് വന്ന് തന്റെ പങ്കപ്പാടുകൾ വിവരിച്ചു. തൊഴിലെടുക്കാൻ പോകുന്നതിൽനിന്ന് തന്റെ മകനെ തടയരുതെന്ന് അഭ്യർഥിച്ചു. 'അവനിവിടെ പിസ്താശ (അന്നത്തെ വിലപിടിപ്പുള്ള എണ്ണയിൽ ചുട്ട മധുരപ്പം) തിന്നാൻ പഠിക്കുകയല്ലേ' എന്നായിരുന്നു അബൂഹനീഫയുടെ മറുപടി. 'നിങ്ങളുടെ തല തിരിഞ്ഞുപോയി' എന്ന് പറഞ്ഞ് ആ സ്ത്രീ അവിടെ നിന്ന് ക്ഷുഭിതയായി ഇറങ്ങിപ്പോവുകയും ചെയ്തു.

അബൂഹനീഫയുടെ സംരക്ഷണത്തിൽ അബൂയൂസുഫ് അക്കാലത്തെ ഏറ്റവും പ്രഗത്ഭരായ പണ്ഡിതന്മാരിലൊരാളായിത്തീർന്നു. ഒരിക്കൽ അബ്ബാസീ ഖലീഫ ഹാറൂൻ റശീദിനോടൊന്നിച്ച് അബൂയൂസുഫ് ഭക്ഷണം കഴിക്കുകയായിരുന്നു. വിഭവം, പിസ്താശ (എണ്ണയിൽ ചുട്ട മധുരപ്പം). അത് കണ്ടപ്പോൾ അബൂയൂസുഫ് ചിരിച്ചുപോയി. ചിരിക്കാനുണ്ടായ കാരണം രാജാവ് തിരക്കിയപ്പോൾ, അബൂയൂസുഫ് ആ സംഭവം വിവരിച്ചു. എന്നിട്ട് പറഞ്ഞു: 'വിജ്ഞാനം, എന്തൊരു ശക്തിയാണതിന്! ഒരാളുടെ ദീനും ദുൻയാവും അത് ഒരേപോലെ ഉയർത്തും. അബൂഹനീഫക്ക് അല്ലാഹു കരുണ ചെയ്യട്ടെ. അദ്ദേഹം മുഖത്തെ കണ്ണുകൊണ്ടല്ല, ഉൾക്കണ്ണ് കൊണ്ട്, ഇതെല്ലാം നേരത്തേ കാണുകയായിരുന്നു.' ■

(*അൽ മുജ്തമഅ്* വാരികയിൽ സാമൂഹിക, കുടുംബപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന പംക്തി സ്ഥിരമായി എഴുതിവരുന്നുണ്ട് ലേഖകൻ)